# Athmaraksha.org

സന്ദേശം : അഭിഷിക്തർ, സമർപ്പിതർ, മിഷനറികൾ

## മനുഷ്യരുടെ പ്രശ്നങ്ങളിൽ വ്യക്തിപരമായി ഇറങ്ങിച്ചെല്ലാൻ പുരോഹിതന്മാർ തയ്യാറാകണം



മനുഷ്യരുടെ പ്രശ്നങ്ങളിൽ വ്യക്തിപരമായി ഇറങ്ങിച്ചെല്ലാൻ പുരോഹിതന്മാർ തയ്യാറാകണമെന്ന് ഫ്രാൻസിസ് മാർപ്പാപ്പ. കരുണ പ്രകടിപ്പിക്കേണ്ടത് ഈ രീതിയിലാകാണമെന്നും മാർപ്പാപ്പ ആഹ്വാനം ചെയ്തു. വത്തിക്കാനിൽ പുരോഹിതന്മാർക്കായി നടത്തിയ ധ്യാനത്തിലായിരുന്നു മാർപ്പാപ്പയുടെ ഈ ഓർമ്മപ്പെടുത്തൽ.

കുപ്പായത്തിൽ അഴുക്കുപുരളാതെയല്ല വേദനിക്കുന്നവർക്ക് ആശ്വാസം നൽകേണ്ടതെന്ന സന്ദേശമാണ് ഫ്രാൻസിസ് മാർപ്പാപ്പ വൈദികർക്ക് നൽകിയത്. കരുണയുടെ വർഷത്തിൽ വൈദികർ കൂടുതൽ കരുണയുള്ളവരാകണം. പ്രശ്നങ്ങളിൽ ഇടപ്പെടുമ്പോൾ കൈകാര്യം ചെയ്യുന്നവരുടെ കൈയ്യിലും കറ പുരണ്ടേക്കാം. പ്രശ്നങ്ങളിൽ നിന്ന് അകന്നുനിന്ന് അവയെ വെറും കേസുകളായി കാണുന്ന മനോഭാവം ചിലപ്പോൾ തനിക്കുമുണ്ടാകാറുണ്ട്. ഈ സമീപനം മാറണം.

റോമിലെ വൈദികർക്കായുള്ള മൂന്നുദിവസത്തെ ധ്യാനത്തിലായിരുന്നു മാർപ്പാപ്പയുടെ ഈ വാക്കുകൾ. വത്തിക്കാനു സമീപമുള്ള മജോറ കത്തീഡ്രലിൽ നടത്തിയ മാർപ്പാപ്പയുടെ പ്രഭാഷണം കേൾക്കാൻ നിരവധിയാളുകളാണെത്തിയത്.
കടപ്പാട് : manoramanews.com

മാർപ്പാപ്പയുടെ വിവിധ സ്ഥലങ്ങളിലെ ചേരിസന്ദർശനം ഇതിനു ഉദാകരണമാണ്.